നമ്പർ 170/2018

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ വൈദികരും സന്യാസ സമൂഹ അംഗങ്ങളും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ഏറെ ഹൃദയഭാരത്തോടെയാണ് നാം ഇതെഴുതുന്നത്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമിപ്പിക്കുന്നതുപോലെ- ''എനിക്ക് വലിയ ദു:ഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്ന് എന്റെ മന:സാക്ഷി എനിക്ക് പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു'' (റോമ. 9:2) അടുത്ത കാലത്തായി സഭയിലും സമൂഹത്തിലും ഉണ്ടായിവരുന്ന ചില സംഗതികൾ നമുക്ക് വളരെ ദു:ഖം ഉളവാക്കുന്നു. നമ്മുടെ ക്രൈസ്തവ സാക്ഷ്യത്തിന് നേരെപോലും ഏറെ ചോദ്യങ്ങൾ ഉയരുന്നുണ്ട്. സകല പ്രതിബന്ധങ്ങളിലും കണ്ണിലെ കൃഷ്ണമണിപോലെ നമ്മെ കരുതുന്ന കർത്താവിലാണ് നാം ആശ്രയം വച്ചിരിക്കുന്നത്. ഈ മാർഗത്തിലൂടെ നമ്മെ നയിച്ചിട്ടുള്ളത് ദൈവാശ്രയത്തോടെ ജീവിച്ചിട്ടുള്ളവരും ജീവിക്കുന്നവരുമായ പിതാക്കന്മാരാണ്. അവരുടെ പ്രാർത്ഥനയും കണ്ണുനീരും ജാഗരണവും അജപാലന ശുശ്രൂഷയും നാമേവർക്കും ബലമുള്ള അഭയ സങ്കേതമാണ്. എന്നാൽ ഇന്ന് ചില വൈദികസ്ഥാനികൾക്കെതിരെ ഉയർന്നുവന്നിട്ടുള്ള പരാതികൾ നമ്മെ ഏറെ ഭാരപ്പെടുത്തുന്നു. ആരോപണ വിധേയരായ വൈദികരെ അന്വേഷണവിധേയമായി അവരുടെ ചുമതലകളിൽനിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. കുറ്റം ചെയ്തതായി ബോദ്ധ്യപ്പെടുന്നപക്ഷം കുറ്റക്കാരെ സംരക്ഷിക്കുന്ന നിലപാട് നാമോ പരിശുദ്ധ സഭയോ കൈക്കൊള്ളുന്നതല്ല. കർശനമായ ശിക്ഷണ നടപടി അവർക്കെതിരെ കൈക്കൊള്ളുന്നതാണ്. എന്നാൽ ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടുന്നില്ല എന്നുറപ്പാക്കാനും നമുക്ക് ബാദ്ധ്യതയുണ്ട്. വൈദികരെ സംബന്ധിച്ച് പരാതി ഉന്നയിച്ചിട്ടുള്ളവർക്ക് അധികാരികളെ സമീപിക്കാവുന്നതാണെന്നും കുറ്റം ചെയ്തിട്ടുള്ളപക്ഷം ആരെയും സംരക്ഷിക്കുന്നതല്ലായെന്നുമുള്ള നിലപാട് നാം അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ നീതിയുക്തമായും സത്യസന്ധമായും അന്വേഷണം പൂർത്തീകരിക്കപ്പെടണം എന്ന് തന്നെയാണ് നാം ആഗ്രഹിക്കുന്നത്. അതിനായി ഏവരും പ്രാർത്ഥിക്കുകയും ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യണം.

നമ്മുടെ വാത്സല്യ മക്കളെ, വളരെ ഗൗരവമുള്ള സംഗതിയാണ് നമ്മുടെ വൈദികരുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പൊതുസമൂഹവും ക്രൈസ്തവ സഭകളും അത് ചർച്ച ചെയ്യുന്നത് സ്വാഭാവികമാണ്. എങ്കിലും ഈ അവസരം ഉപയോഗിച്ചുകൊണ്ട് സ്വാർത്ഥ ലക്ഷ്യങ്ങൾ നേടുവാനും സഭയെ തേജോവധം ചെയ്യുന്നതിനും പൗരോഹിത്യത്തെ മുഴുവനായും അവഹേളിക്കുന്നതിനും കൂദാശകളെ നിരാകരിക്കുന്നതിനും ആസൂത്രിതപ്രചാരണം നടക്കുന്നുവോ എന്നത് അനേകരുടെയും മനസ്സിൽ ഉളവായിട്ടുള്ള സംശയമാണ്. ഇവയ്ക്കെതിരെ സഭാമക്കൾ ജാഗരൂകരാകണം. സഭാമക്കളേവരും തികഞ്ഞ ഐക്യത്തോടെ പ. സഭയുടെ കെട്ടുപണിക്കുവേണ്ടി പ്രവർത്തിക്കണം. സഭയ്ക്കെതിരെയുണ്ടാകുന്ന ആസൂത്രിത നീക്കങ്ങളെ നാം തിരിച്ചറിയണം. പരിശുദ്ധ സഭ മുഴുവനായും ദൈവാശ്രയത്തിൽ വിശുദ്ധിയോടെ മുമ്പോട്ട് പോകണം. വി. കുമ്പസാരം പോലെയുള്ള കൂദാശകളെ ലാഘവപ്പെടുത്തുന്നതിന് ഇടയാകരുത്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ, പിതാക്കന്മാർ കൈമാറിത്തന്ന ദിവ്യകൂദാശകളെ വിശുദ്ധിയോടെ അനുഷ്ഠിക്കണം.

(മറുപുറം)

കർത്താവിൽ വാത്സല്യമുള്ളവരെ,  ചില സംഗതികൾ ഗൗരവപൂർവ്വം ഓർമ്മിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. പൗരോഹിത്യം എന്നത് ദൈവം തന്റെ കൃപയാൽ നൽകുന്ന വലിയ ദാനമാണ്. വൈദികരിൽ ബഹുഭൂരിപക്ഷവും ദൈവാശ്രയത്തോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നവരാണ്. എന്നാൽ ഒരു ചെറിയ ന്യൂനപക്ഷത്തിലെങ്കിലും ആരോപിക്കപ്പെട്ടിരിക്കുന്ന കുറവുകൾ സഭയ്ക്ക് ഏറെ വേദനയ്ക്ക് കാരണമായിരിക്കുന്നു. പൈശാചിക പരീക്ഷണങ്ങൾ ഏറെ വർദ്ധിച്ചിരിക്കുന്ന കാലമാണിത്. പരിശുദ്ധനായ പത്രോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ ''പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു''. അതുകൊണ്ട് ''ഉണർന്നിരിക്കുവാനും, നിർമ്മദരായിരിക്കുവാനും'' നാം കടപ്പെട്ടവരാണ്. നമ്മുടെ പൗരോഹിത്യ സ്ഥാനികൾ എല്ലാവരും പരിപൂർണ്ണ ദൈവാശ്രയത്തോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കണം. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിന്റെ മാതൃക പിൻപറ്റണം. ഇടവകയിലും സമൂഹത്തിലും തങ്ങളുടെ ഉത്തമസാക്ഷ്യം ഉയർത്തിപ്പിടിക്കുവാൻ അഭിവന്ദ്യരായ മേല്പട്ടക്കാർക്കും വൈദികർക്കും വിശ്വാസികൾക്കും കടമയുണ്ട്.  സഭയിലെ എല്ലാ വൈദിക സ്ഥാനികളും ദയറാകളിലെയും കന്യാസ്ത്രീമഠങ്ങളിലെയും അംഗങ്ങളും, വിശ്വാസികളും തങ്ങളുടെ ക്രൈസ്തവ സാക്ഷ്യം നിറവേറ്റുവാൻ പ്രാർത്ഥനയോടെ പരിശ്രമിക്കണമെന്ന് സ്നേഹപൂർവ്വം നിങ്ങളെ പ്രബോധിപ്പിക്കുന്നു.

ദൈവീകരായ പിതാക്കന്മാർ കൈമാറിത്തന്ന പാരമ്പര്യങ്ങളെ പെട്ടെന്നുള്ള വികാരങ്ങളുടെ പേരിൽ വിമർശിക്കുവാനും പരിശുദ്ധ സഭയുടെ ശുശ്രൂഷകൾ തികഞ്ഞ സമർപ്പണത്തോടെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ബഹുഭൂരിപക്ഷം വൈദികരെയും വിശ്വാസികളെയും ദു:ഖിപ്പിക്കുന്നതിനുമിടയാകരുത്. നിങ്ങളുടെ വേദനയും ആശങ്കകളും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പൂർണ്ണമനസ്സോടെ സഭ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ സമാധാനം ഏവരുടെയും ഹൃദയങ്ങളെ നിറയ്ക്കുവാൻ നാം പ്രാർത്ഥിക്കുന്നു. ദൈവജനത്തിന്റെ അദ്ധ്യക്ഷന്മാരും, ദൈവം അവരെ അദ്ധ്യക്ഷന്മാരാക്കിയിരിക്കുന്ന ആട്ടിൻകൂട്ടവും കാലഘട്ടത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് അങ്ങേയറ്റം അച്ചടക്കത്തോടും ദൈവാശ്രയത്തോടും കൂടെ വർത്തിക്കണം. എന്നാൽ സമൂഹ മാദ്ധ്യമങ്ങളും ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും ചിലർ ദുരുപയോഗം ചെയ്യുന്നത് നമുക്ക് ഭയവും ആശങ്കയും ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ നമ്മുടെ വൈദികർ പ്രാർഥനാ ജീവിത നിഷ്ഠയോടെ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ ദൈവജനത്തെ അഭ്യസിപ്പിക്കുവാൻ കൂടുതൽ ഉത്സാഹിക്കണം. അപ്രകാരം തന്നെ നിഷ്ഠയോടെ കുടുംബാരാധന നടത്തുവാനും, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവ പൂർണ്ണതയോടെ നിർവ്വഹിക്കുവാനും നാമേവരും ശ്രമിക്കണം. പ. സഭയുടെ നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയും മേൽപട്ടക്കാരുടെയും വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും ഉന്നതിക്കും വെണ്മയ്ക്കും വേണ്ടിയും ഏവരും പ്രാർത്ഥിക്കണം.

പ്രിയമുള്ളവരെ, പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ നിങ്ങളുടെ സ്നേഹത്തോട് നാം ഹൃദയപൂർവ്വം വീണ്ടും ഓർമിപ്പിക്കുന്നു: ''നിങ്ങളുടെ സ്നേഹം നിർവ്യാജം ആയിരിക്കട്ടെ, തീയതിനെ വെറുത്ത് നല്ലതിനോട് പറ്റിക്കൊൾവിൻ, സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ. കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ, പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ''. ഇപ്പോഴുള്ള വേദനകൾ താത്കാലികമാകുന്നു; കരുണയുള്ളവനായ കർത്താവ് അവയിൽ നിന്ന് നമ്മെ വിടുവിക്കും.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ജൂലൈ മാസം 05 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.